**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2635** **27-02-2023 - ൽ മറുപടിയ്ക്ക്**

**സർഫാസി നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സർഫാസി നിയമം സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ; | (എ) | സെക്യൂരിറ്റൈസേഷൻ ആൻഡ് റീകണസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസ്സെറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റീസ് ഇന്ററസ്റ്റ് ആക്ട് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ നിയമമാണ്. വായ്പകളുടെ തിരിച്ചടവ് മുടങ്ങിയാൽ റിസർവ് ബാങ്കിന്റെ ലൈസൻസോടു കൂടി പ്രവർത്തിക്കുന്ന ബാങ്കുകൾക്ക് നേരിട്ട് ജപ്തി നടപടികൾ നടത്താനുള്ള അധികാരം നൽകുന്ന നിയമമാണിത്. സഹകരണ വകുപ്പിനു കീഴിൽ, RBI ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന കേരള സംസ്ഥാന സഹകരണ ബാങ്ക്, 60 അർബൻ സഹകരണ ബാങ്കുകൾ എന്നിവയാണ് സർഫേസി നിയമപ്രകാരം നടപടികൾ സ്വീകരിയ്ക്കുന്നത്. |
| (ബി) | പ്രസ്തുത നിയമത്തിനെതിരെയുള്ള വിയോജിപ്പ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത നിയമത്തിൽ ഭേദഗതി ആവശ്യപ്പെട്ട് കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കുകയും ആയത് പ്രകാരം ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. മേൽ പറഞ്ഞ പ്രകാരം സർഫേസി നിയമത്തിൽ ഇളവുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്ന് അനുകൂല നടപടികൾ സ്വീകരിക്കുന്നതിനായി പാർലമെന്റ് സമ്മേളനത്തിന് മുന്നോടിയായുള്ള ബഹുമാനപ്പെട്ട എം.പി മാരുടെ യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നു. |
| (സി) | പ്രസ്തുത നിയമം ഉപയോഗിച്ച് 2016 മുതൽ 2022 വരെ എത്ര വീടുകൾ ജപ്തി ചെയ്തു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (സി) | പ്രസ്തുത നിയമ പ്രകാരം 2016 മുതൽ 2022 വരെ സഹകരണ ബാങ്കുകൾ ആകെ 732 വീടുകൾ ജപ്തി ചെയ്തിട്ടുണ്ട്. ആയതിന്റ വിവരം ചുവടെ ചേർക്കുന്നു. |

**2016 മുതൽ 2022 വരെ വീടുകൾ ജപ്തിചെയ്തതിന്റെ വിവരം**

| ജില്ല | കേരള സംസ്ഥാന സഹകരണ ബാങ്ക് | മറ്റ് സഹകരണ ബാങ്കുകൾ |
|---|---|---|
| തിരുവനന്തപുരം | 37 | 57 |
| കൊല്ലം | 0 | 14 |

| ജില്ല | കേരള സംസ്ഥാന സഹകരണ ബാങ്ക് | മറ്റ് സഹകരണ ബാങ്കുകൾ |
|---|---|---|
| പത്തനംതിട്ട | 28 | 10 |
| ആലപ്പുഴ | 0 | 13 |
| കോട്ടയം | 0 | 45 |
| ഇടുക്കി | 2 | 0 |
| എറണാകുളം | 0 | 141 |
| തൃശ്ശൂർ | 27 | 83 |
| പാലക്കാട് | 0 | 185 |
| മലപ്പുറം | 33 | 13 |
| കോഴിക്കോട് | 12 | 10 |
| വയനാട് | 0 | 0 |
| കണ്ണൂർ | 1 | 7 |
| കാസർഗോഡ് | 1 | 13 |
| **ആകെ** | **141** | **591** |

(ഡി) ഇനി എത്ര പേർക്ക് ജപ്തി നോട്ടീസ് നൽകാനുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ നൽകാമോ;

(ഡി) 5431 പേർക്ക് ജപ്തി നോട്ടീസ് നൽകാനുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു

| **ജപ്തി നോട്ടീസ് നൽകാനുള്ളതിന്റെ വിവരം** | | |
|---|---|---|
| **ജില്ല** | **കേരള സംസ്ഥാന സഹകരണ ബാങ്ക്** | **മറ്റ് സഹകരണ ബാങ്കുകൾ** |
| തിരുവനന്തപുരം | 212 | 64 |
| കൊല്ലം | 0 | 211 |
| പത്തനംതിട്ട | 54 | 63 |
| ആലപ്പുഴ | 72 | 7 |
| കോട്ടയം | 731 | 242 |
| ഇടുക്കി | 20 | 119 |
| എറണാകുളം | 262 | 514 |
| തൃശ്ശൂർ | 17 | 452 |
| പാലക്കാട് | 525 | 33 |
| മലപ്പുറം | 89 | 350 |
| കോഴിക്കോട് | 197 | 177 |
| വയനാട് | 0 | 132 |
| കണ്ണൂർ | 35 | 244 |
| കാസർഗോഡ് | 62 | 47 |
| **ആകെ** | **2276** | **2655** |

(ഇ) സർഫാസി നിയമത്തിന്റെ

(ഇ) സർഫാസി നിയമത്തിന്റെ ദോഷഫലങ്ങളെ സംബന്ധിച്ച്

| | | | |
|---|---|---|---|
| | ദോഷഫലങ്ങളെ സംബന്ധിച്ച് സഹകാരികൾക്ക് സെമിനാർ/ അവബോധ ക്ലാസുകൾ നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; വിശദമാക്കുമോ? | | സഹകാരികൾക്ക് സെമിനാർ/അവബോധ ക്ലാസുകൾ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ